# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.3285** **13/03/2017-ൽ മറുപടിക്ക്**

### ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം കോഴിക്കോട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | **ശ്രീ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തിന്റെ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം കോഴിക്കോട് വിമാനത്താവളമാക്കുന്നത് ഏറ്റവും കൂടുതൽ തീർത്ഥാടകരുള്ള മലബാർ മേഖലയ്ക്ക് ഗുണകരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) **കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോകുന്ന ഹാജിമാരിൽ ബഹുഭൂരിപക്ഷം പേർ മലബാർ മേഖലയിൽനിന്നുള്ളവരായതിനാൽ 2017-ലെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്, കരിപ്പൂർ വിമാനത്താവളമാക്കുന്നത് ഹാജിമാർക്ക് വളരെയേറെ പ്രയോജനകരമാണെന്ന വസ്തുത ബോദ്ധ്യമുള്ളതായതിനാൽഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിനു സർക്കാരും ഹജ്ജ് കമ്മിറ്റിയും നിരന്തരം ശ്രമങ്ങൾ നടത്തി വരികയാണ്.** |
| ബി) എങ്കിൽ ഇത് സംബന്ധിച്ച് അനുകൂല തീരുമാനം കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിക്കുമോ; | ബി) **എംബാർക്കേഷൻ കോഴിക്കോട് നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂന പക്ഷ വകുപ്പ് മന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ് വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും രണ്ടിലധികം തവണ കൂടിക്കാഴ്ച നടത്തി. ഇപ്പോഴും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ.ചൗധരി മെഹ്ബൂബ് അലി കൈസർ 26.01.2017 ന് ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക്സഭാ എം.പി മാരുടെയും മറ്റു പ്രധാന വ്യകതികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന** |

| | | | |
|---|---|---|---|
| | | | ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28.02.2017 ൽ നടന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ഈവിഷയം ചർച്ച ചെയ്യുന്നതിനും അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിരുന്നു. |
| സി) | കോഴിക്കോട് വിമാനത്താവളത്തെ ഹജ്ജ് തീർത്ഥാടനത്തിന്റെ സ്ഥിരം എംബാർക്കേഷൻ കേന്ദ്രമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ അറ്റകുറ്റ പണികൾ നടന്നുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി താല്ക്കാലികമായാണ് 2015-ൽ കേരള ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കൊച്ചിയിലേക്ക് മാറ്റിയത്. സ്ഥിരം സംവിധാനം(ഹജ്ജ് ഹൗസ്) ഉൾപ്പെടെ കരിപ്പൂരിൽ ലഭ്യമാണ്. ഹജ്ജ് എംബാർക്കേഷൻ കരിപ്പൂരിൽ സ്ഥിരമായി നില നിർത്തുവാൻ എല്ലാ വിധത്തിലുള്ള ശ്രമങ്ങളും നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ